പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2338 | 18.02.2016 -ൽ മറുപടിക്ക്

**ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കാൻ സംവിധാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി പി.എച്ച്.സി., സി.എച്ച്.സി. -കളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാനത്ത് ജീവിത ശൈലി രോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളും വഴിയാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് 232 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 5144 ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കുകൾ ആഴ്ചയിൽ ഒരുദിവസം വീതം നടത്തി വരുന്നു. ഇതിനായി ഈ കേന്ദ്രങ്ങളിൽ ബി.പി. അപ്പാരറ്റസ്, ഗ്ലൂക്കോമീറ്റർ, വെയിങ് മെഷീൻ തുടങ്ങിയ നിരവധി ഉപകരണങ്ങൾ വാങ്ങി നൽകുകയും ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. വിദഗ്ദ്ധരുടെ സഹായത്തോടെ തയ്യാറാക്കിയ പ്രോട്ടോക്കോൾ പ്രകാരം മരുന്നുകൾ പി.എച്ച്.സി. തലംമുതൽ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്യുന്നു. ഇതിനു പുറമെ ആരോഗ്യ വിദ്യാഭ്യാസം, സ്കൂൾതല പദ്ധതികൾ, തൊഴിൽ മേഖലകളിലുള്ള പ്രത്യേക പദ്ധതികൾ, യോഗ പരിശീലനം തുടങ്ങിയ പ്രത്യേക പദ്ധതികൾ ഇതിനോടൊപ്പം നടത്തി വരുന്നു. |
| (ബി) ഗ്രാമീണതലത്തിൽ ആരുടെ ചുമതലയിലാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത് ; വിശദമാക്കാമോ ? | (ബി) ഗ്രാമീണ തലത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും മെഡിക്കൽ ഓഫീസർമാർക്കാണ് ഇതിന്റെ നിയന്ത്രണ അധികാരമുള്ളത്. മെഡിക്കൽ ഓഫീസറുടെ കീഴിൽ ഹെൽത്ത് സൂപ്പർവൈസർമാർ, പബ്ലിക് ഹെൽത്ത് നേഴ്സ്, പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തുടങ്ങിയ ഫീൽഡ് തല ജീവനക്കാർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ് തുടങ്ങിയ പാരാമെഡിക്കൽ ജീവനക്കാരും ഇതിൽ പങ്കാളികളാണ്. |

സെക്ഷൻ ഓഫീസർ